# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6931 — 13.07.2012 ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജലശേഖരം പോഷിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |

| | |
| --- | --- |
| എ) ശുദ്ധജല ദൗർലഭ്യം നേരിടുന്നതിനും ഭൂഗർഭ ജലശേഖരം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് സമഗ്ര പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ; | എ) സമഗ്ര പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ഇതിന്റെ ഭാഗമായി സ്വാഭാവിക കുളങ്ങൾ, ഉറവകൾ എന്നിവ സംരക്ഷിക്കാൻ പരിപാടിയുണ്ടോ ; | ബി) സ്വാഭാവിക കുളങ്ങൾ, ഉറവകൾ എന്നിവ സംരക്ഷിക്കാൻ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. |
| സി) ഭൂഗർഭ ജലശേഖരം പോഷിപ്പിക്കുന്നതിന് പരമാവധി മഴവെള്ളം ഭൂമിക്കടിയിലേക്ക് കടത്തിവിടാൻ സഹായകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ ? | സി) ഭൂജല സ്രോതസ്സിന്റെ വർദ്ധനവിനായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുന്നുണ്ട്. ചെറിയ ചെക്ക് ഡാമുകൾ, വി.സി.ബി, ചെറിയ കിടങ്ങുകൾ, മേൽക്കൂര മഴവെള്ള സംഭരണ പദ്ധതി എന്നിവ പ്രകാരം നിലവിലുള്ള കിണറുകളിലും പരിസരപ്രദേശങ്ങളിലും ഭൂജല സംപോഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽ വിവിധതരം കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ